VOTING OF DEMANDS FOR GRANTS.

DEMAND V—EDUCATION.—(*continued.*)

MR. KALLUR NARAYANA PILLAI: സർ, മി. ബാലകൃഷ്ണൻ തമ്പി അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. തിരുവിതാംകൂറിലെ ജനതതിയെ അകമാനം വ്രണപ്പെടുത്തിക്കൊണ്ടിരിക്കുന്നതു്, വിദ്യാഭ്യാസസംബന്ധമായി ഉണ്ടാകുന്ന ചെലവാണു്. ഏതു നിമ്നവർഗ്ഗത്തിലും തന്റെ സന്താനങ്ങളെ ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്യിക്കുന്നതിനായി ഇംഗ്ലീഷ്സ്കൂളിൽ അയക്കുന്നു തങ്ങളുടെ കുട്ടികളെ ഇംഗ്ലീഷ്സ്കൂളുകളിലയച്ചു പഠിപ്പിച്ചു അവരെ നല്ല പദവിയിൽ എത്തിച്ചു തങ്ങളുടെ നിമ്നാവസ്ഥ പരിഹരിക്കാമെന്നു ജനങ്ങൾ ആശിക്കുന്നു. വിദ്യാഭ്യാസവിഷയത്തിൽ നാം പണം ചെലവു ചെയ്യുന്നതു് രണ്ടിനങ്ങളിൽകൂടിയാണു്. അതായതു, ഒന്നു ഫീസ് വകയ്ക്കും മറെറാന്നു ടെക്സ്റ്റ് ബുക്കു വകയ്ക്കും. ഒരു ഇരുപത്തിയഞ്ചു കൊല്ലത്തിനു മുമ്പു, ഇപ്പോൾ VI form എന്നു ഗണിക്കപ്പെട്ടുവരുന്ന മെട്രിക്കുലേഷൻ ക്ലാസിൽ പ്രതിമാസമുള്ള ഫീസ് ഒന്നര രൂപായായിരുന്നു. ഇപ്പോൾ പ്രതിമാസം മൂന്നര രൂപാവീതം കണക്കാക്കി വരുന്നതുകയെട്ടുമാസം കൊണ്ടു മാസം ഒന്നിനു അഞ്ചേകാൽ രൂപാവീതം ഈടാക്കിവരുന്നു. ഇതു IV, V, VI, ഈ ഫാറങ്ങളിലേക്കാണു്. അതു പോലെ തന്നെ I, II, III, ഈ ഫാറങ്ങളിലേക്കു പ്രതിമാസം ൨ രൂപാ വീതം ൨൪ രൂപാ കണക്കാക്കി മാസമൊന്നിനു നൂറുപാവീതം വീതിച്ചു എട്ടു മാസം കൊണ്ടു ഈടാക്കിവരുന്ന പ്രിപ്പാറട്ടറി ക്ലാസിലേക്കു, ൨൩ കൊല്ലം മുമ്പു മെട്രിക്കുലേഷൻ ക്ലാസ്സിനു വച്ചിരുന്ന ഒന്നരരൂപായിൽ അല്പംകൂട്ടി രണ്ടേകാലേരൂപയ്ക്കാൽ രൂപാവീതം എട്ടു മാസംകൊണ്ടു ഫുൾ രൂപാ ഈടാക്കിവരുന്നു.

MR. KOMILEZHATHU SANKARAN: ൨൩ കൊല്ലം മുമ്പു മെട്രിക്കുലേഷൻ ക്ലാസ്സിൽ ഒന്നര രൂപാ ഫീസു കൊടുക്കണമെന്ന വ്യവസ്ഥയുണ്ടായിരുന്ന കാലത്തു ഏതാനും ചില ജാതിക്കാർക്കു പള്ളിക്കൂടത്തിൽ പ്രവേശനമില്ലാതിരുന്നു എന്നു മെമ്പർക്കറിയാമോ?

MR. KALLUR NARAYANA PILLAI: ആ കാലത്തും അതിനു വളരെ മുമ്പും ചില ജാതിക്കാർക്കു പള്ളിക്കൂടത്തിൽ പ്രവേശനമില്ലായിരുന്നു എന്നെനിക്കറിയാം.

തിരുവിതാംകൂറിൽ ഇപ്പോൾ ൨൯ ഇംഗ്ലീഷ്ഹൈസ്കൂളുകളും ഫുൾ മിഡിൽ സ്കൂളുകളുമാണുള്ളതു്. ഫോറസ്റ്റ്-ൽ ഈ വിദ്യാലയങ്ങളിൽ പഠിച്ചിരുന്നവിദ്യാർത്ഥികളുടെ സംഖ്യയെഅപേക്ഷിച്ചു ഫോറസ്റ്റിലെ

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികളുടെ സംഖ്യയിൽ ഒരു കുറവുവന്നിട്ടുണ്ട്. ഈ കുറവിന് കാരണം സാമ്പത്തികാധഃപ്പതനം കൊണ്ടു ഫീസ് കൊടുക്കാനുള്ള നിവൃത്തിയില്ലായ്മയാണെന്നു നിസ്സംശയം പറയാം. ഫ 0 വു-ൽ ഫീസിനുത്തിലുള്ള വരവു നു, വു 0, 0 0 0 രൂപായാണെന്നു കാണുന്നു. ഇതിൽ ൭, 0 0 0 രൂപാ ഫയിൻ ഇനത്തിൽ ഡിപ്പാർട്ടുമെൻറിൽനിന്നും ഈടാക്കിയതായിട്ടുള്ളതാണെന്നും കാണാം. പ്രതിമാസം ഫ 0 -ാംനു-ക്കു മുമ്പു ഫീസ് കൊടുക്കുന്നവരുടെയും വമ്പിച്ച ശമ്പളം വാങ്ങിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ സന്താനങ്ങളാണെന്നേ ഗണിക്കാനൊള്ളു. ശേഷം പേരെല്ലാം വു 0 -ാംനു- ആയാൽ തന്നെ ബുദ്ധിമുട്ടി കൊടുക്കയാണ്. ചിലർ കടം വാങ്ങിയും പണയം വച്ചും മറ്റും പണം വാങ്ങിച്ചു ഫീസ് കൊടുത്തു എന്നു വരാം. നു 0 -ാംനു-യ്ക്കകം ജംഗമസാമാനങ്ങൾ വിറ്റു പോലും പണം വാങ്ങി ഫീസു കൊടുത്തയക്കുന്നുണ്ട് ഈ ഒടുവിൽപറഞ്ഞവരുടെ അവസ്ഥ ഏറ്റവും ഭയങ്കരമായ ഒന്നാകുന്നു.

രണ്ടാമതായുള്ള ചിലവു്, ടെക്സ്റ്റ് ബുക്കിനെ സംബന്ധിച്ചാണ്. പാഠപുസ്തകങ്ങൾ ആണ്ടുതോറും മാറിക്കൊണ്ടിരിക്കുന്നതുകൊണ്ടു ഒട്ടധികം പണം ആ വകയ്ക്കായി രക്ഷകർത്താക്കൾ ചെലവു ചെയ്യുന്നുണ്ട്. ഒരുപ്പുകൊല്ലത്തെയ്ക്കു ഒരേ പാഠപുസ്തകം തന്നെ വച്ചു കഴിഞ്ഞാൽ ഒരു കുട്ടി പഠിച്ച പുസ്തകം മറ്റൊരു കുട്ടിക്കു കുറഞ്ഞ വിലയ്ക്കു വാങ്ങി പഠിക്കുവാൻ കഴിയും.

Mr. P. PADMANABHAN TAMPI: അങ്ങിനെ ചെയ്യുന്നതു പാഠപുസ്തകമുണ്ടാക്കുന്നവർക്കു വലിയ നഷ്ടമാണെന്നു മെമ്പർക്കറിയാമോ?

Mr. KALLUR NARAYANA PILLAI: ഇങ്ങനെയുള്ള സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനു നാട്ടുനന്മാരുടെ ധനമല്ല വിനിയോഗിക്കേണ്ടതു്. അതു കൊണ്ടു ഞാൻ അതിനോടു യോജിക്കുന്നില്ല.

അതിനാൽ പാഠപുസ്തകങ്ങൾ പ്രതിവർഷം മാറാതിരുന്നാൽ അതിൽ തന്നെ രക്ഷകർത്താക്കൾക്ക് ഒരു വലിയ ആശ്വാസമുണ്ടാകുന്നതാണ്. ഫീസു നൽകുന്ന വിഷയത്തിലും പാഠപുസ്തകം വാങ്ങിക്കുന്ന വിഷയത്തിലും രക്ഷകർത്താക്കൾക്കു നേരിട്ടിട്ടുള്ള ബുദ്ധിമുട്ടിനു ഗവണ്മെൻറു എന്തെങ്കിലും ഒരു പരിഹാരമുണ്ടാക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടു കൊള്ളുന്നു.

ഇനി അടുത്തതായി എനിക്കു പറയുവാനുള്ളതു് അധ്യേതവൃത്തിയും പ്രാതിനിധ്യമില്ലാത്ത വൃത്തിയും ഉൾപ്പെട്ട അൻപതിൽപരം

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kallur Narayana Pillai.]

ആളുകളെ ചീഫ് ഇൻസ്പെക്ടർ നിയമിക്കയും പിന്നീട് അവരുടെ നിയമനത്തെ ഡയറക്ടരുടെ ഉത്തരവനുസരിച്ചു റദ്ദ് ചെയ്യുകയും ചെയ്തതിനെപ്പറ്റിയാണ്. ചീഫ് ഇൻസ്പെക്ടരുടെ ആഫീസിൽ വച്ചിട്ടുള്ള വെയിറ്റിങ്ങ് ലിസ്റ്റിൽ ഏകദേശം ൧൫൦൦ പേരോളമുണ്ട്. അതിൽ ൯൦൦-ൽ ചിലപ്പോൾ പേരെ മാത്രമെ സ്ഥിരപ്പെടുത്തിയിട്ടുള്ളതായി ചീഫ് ഇൻസ്പെക്ടർ ഡയറക്ടർക്കു എഴുതി അയച്ചിട്ടുള്ളതായി കാണുന്നൊള്ളൂ. പ്രാതിനിദ്ധ്യമില്ലാത്ത സമുദായത്തിൽപെട്ടവരും കൂടുതൽ പരീക്ഷായോഗ്യത സിദ്ധിച്ചിട്ടുള്ളവരുമായ ൪൦-ൽ പരം അദ്ധ്യാപകന്മാരെ ലിസ്റ്റിനു പുറമെ നിന്നു ചീഫ് ഇൻസ്പെക്ടർ നിയമിച്ചതിനെ ഡയറക്ടർ അസ്ഥിരപ്പെടുത്തി പിരിച്ചയച്ചതായി അറിയുന്നു. കാരണം ഇവർ വെയിറ്റിങ്ങ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെന്നു മാത്രമാണ്. വെയിറ്റിങ്ങ് ലിസ്റ്റിൽ ൧൯൦൦-ചിങ്ങം മുതൽ ൧൯൧൩ മീനം ൨൧-ാംനു-വരെയുള്ള കാലത്തിനിടയ്ക്കു ആക്ട് ചെയ്തവർ മാത്രമെ ഉൾപ്പെട്ടുന്നുള്ളൂ. ആ കാലത്തു പുലയൻ, പറയൻ, തുടങ്ങിയ അധഃകൃതരുടെയിടയിൽ മലയാളം സ്കൂൾലീവിംഗ് പരീക്ഷയോ, ഇംഗ്ലീഷ് സ്കൂൾ ഫൈനൽ പരീക്ഷയോ ജയിച്ചവർ വളരെ കുറവായിരുന്നു. അങ്ങിനെയുള്ളവർ വെയിറ്റിങ്ങ്ലിസ്റ്റിൽ അധികം ഉൾപ്പെട്ടിട്ടില്ല. കഴിഞ്ഞ കുംഭകം ൧൩-ാംനു-ക്രുടിയ കൌൺസിൽ യോഗത്തിൽവച്ചു മി. പി. എസ്. മഹമ്മദ് ചോദിച്ചിട്ടുള്ള ഒരു ചോദ്യത്തിനു വെയിറ്റിങ്ങ്ലിസ്റ്റിന്റെ പ്രാധാന്യതയെ നോക്കാതെ അതിൽ ഉൾപ്പെട്ടിട്ടില്ലാത്ത അധഃകൃതക്കും പ്രാതിനിദ്ധ്യമില്ലാത്തസമുദായക്കാർക്കും ൨൦ ശതമാനം ഉദ്യോഗംനൽകാമെന്നു ചീഫ് സെക്രിട്ടറി മറുപടി പറഞ്ഞിട്ടുള്ളതായി പ്രൊസീഡിംഗ്സിൽ കാണുന്നുണ്ട്. അതിനെ തുടർന്നു കുംഭകം ൧൫-ാംനു-മി. പുതുപ്പള്ളി കൃഷ്ണപിള്ളയുടെ ചോദ്യത്തിനും ഇതേ മറുപടി തന്നെയാണ് കൊടുത്തിട്ടുള്ളതു്. ഈ സ്ഥിതിക്കു ചീഫ് ഇൻസ്പെക്ടർ നടത്തിയിട്ടുള്ള നിയമനം ഭേദപ്പെടുത്തണമെന്നുള്ള അഭിപ്രായം ഒരു പ്രകാരത്തിലുംസാധൂകരിക്കത്തക്കതല്ല.

Mr. K. P. NILAKANTA PILLAI: ഗവണ്മെൻറിന്റെ അനുവാദം ക്രൂടാതെയാണോ ഈ നിയമനം ചീഫ് ഇൻസ്പെക്ടർ നടത്തിയതു്?

Mr. KALLUR NARAYANA PILLAI: ഗവണ്മെൻറിന്റെ അനുവാദം കൌൺസിലിൽ പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ട്.

Mr. K. P. NILAKANTA PILLAI: ഗവണ്മെൻറിന്റെ അനുവാദത്തോടുക്രൂടിയാണോ ഈ നിയമനങ്ങൾ നടത്തിയതു്?

LIBRARY ARCHIVES Kerala Legislative Assembly

MR. KALLUR NARAYANA PILLAI: ഗവണ്മെൻറിന്റെ അനുവാദം ആണ് ചീഫ് സെക്രട്ടറി കൌൺസിലിൽ പ്രസ്ഥാവിച്ചത്. ഫാറം ൈ-ൽ മാത്രം സ്കൂൾ ൈഫനൽ പരീക്ഷ പാസായ ഒരു മഹമ്മദീയനെ എഡ്യുക്കേഷൻ ഡിപ്പാർട്ടുമെൻറിൽ നിയമിക്കണമെന്നു ഡയറക്ടർ ചീഫ് ഇൻസ്പെക്ടർക്ക് എഴുതി അയക്കയും അതനുസരിച്ചു നിയമിക്കയും ചെയ്തു. വെയിറ്റിങ്ങ് ലിസ്റ്റിൽ അയാളുടെ പേരില്ലെങ്കിലും പ്രാതിനിധ്യമില്ലാത്തവർഗ്ഗത്തിൽ പെട്ടയാളായതുകൊണ്ടാണ് ആ നിയമനം നടത്തിയത്.

MR. K. P. NILAKANTA PILLAI: മെമ്പർ പറഞ്ഞ ൫൨ പേരും അധഃകൃതവർഗ്ഗത്തിൽ പെട്ടവരാണോ?

MR. KALLUR NARAYANA PILLAI: അധഃകൃതരും പ്രാതിനിധ്യമില്ലാത്ത സമുദായത്തിൽപ്പെട്ടവരുമുണ്ട്.

MR. K. P. NILAKANTA PILLAI: പ്രാതിനിധ്യമില്ലാത്ത സമുദായങ്ങൾ ഏതെല്ലാമാണ്?

MR. KALLUR NARAYANA PILLAI: ആശാരി, കമ്മാളർ, മഹമ്മദീയർ ഇവരൊക്കെയാണ്.

MR. KOMILEZHATHU SANKARAN: മുമ്പു പള്ളിക്കൂടത്തിൽപ്രവേശനമില്ലാതിരുന്ന സമുദായങ്ങളും പ്രാതിനിധ്യമില്ലാത്ത സമുദായങ്ങളുടെ കൂട്ടത്തിൽ കൂട്ടരുതോ?

MR. KALLUR NARAYANA PILLAI: അവരേയും കൂടി ഉൾപ്പെടുത്താമെന്നാണ് എന്റെ അഭിപ്രായം.

അതിനാൽ ഡയറക്ടരുടെ ആർഡറനുസരിച്ചു ജോലിയിൽനിന്നും പിരിച്ചുവിട്ട അദ്ധ്യാപകന്മാരെ തിരിയെ ജോലിയിൽ പ്രവേശിപ്പിക്കാൻ ഗവണ്മെൻറുത്തരവു കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം.

MR. P. PADMANABHAN TAMPI: Sir, in supporting Mr. Balakrishnan Tampi's motion to omit the allotment of Rs. 45,75,457 for Education, I beg to bring to your notice the abnormal increase of expenditure under the head "Education. We are at a loss to know, Sir, how the expenditure on education can be fixed and where it can end. When the question of expenditure on education came in the year 1090, Sir P. Rajagopalachari, the then Dewan, fixed it at 13% of the total income of the State. Now the Travancore Government have raised it to more than 21% of the total income. The total amount budgeted for education comes to Rs. 47,49,589 of which excluding the non-votable items, Rs. 45,75,457 alone is votable. I beg to point out, during Mr. Krishnan Nayar's time, Government thought, when the expenditure rose over 22 lakhs of rupees, of a scheme for making the Vernacular

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Padmanabhan Tampi.]

education partly a local charge, and for the formation of local bodies to finance and control the Vernacular education in the State, and with that object in view, the Municipal Regulation was enacted. It contained a clause that the cost of primary education should be met by the Municipal bodies. This was not accepted by the non-official members of the Popular Assembly, and assent also was not given to this by His Highness the late Maha Raja, Sri Mulam Tirunal. As a consequence, the whole cost of expenditure for education had to be met from the general revenues of the State.

Now, I shall point out, Sir, how Governments outside India spend for education, not to speak of British India and Indian States where expenditure for education is far low. In the United Kingdom, the percentage of expenditure on education is 19·5 in Canada 15 per cent.; in Newzealand 15 per cent.; in Victoria 20·17 per cent.; in New Southerland 25 per cent. But, in Travancore, it is *more* than 21 per cent. I beg to point out that we may not grudge even this expenditure or more on education, if the expenditure is met for the primary education in a larger scale. It is the duty of Government to teach all the subjects of the State and it is the right of every citizen to demand for free primary education. You will find, Sir, out of an expenditure of over Rs. 47 lakhs for education, only Rs. 10,25,528 is spent for primary education. More than Rs. 2 lakhs is spent for controlling agencies; Rs. 4,17,582 for Collegiate education; Rs. 7,47,583 for English High School education; Rs. 8,79,886 for Vernacular Higher education; Rs. 13,87,232 for miscellaneous education; and only Rs. 10,25,528 is spent for primary education.

MR. K. GEORGE: Does that figure for primary education include the grant-in-aid schools also?

MR. P. PADMANABHAN TAMPI: Yes.

MR. C. V. CHANDRASEKHARAN (*Ag. Director of Public Instruction*): That is not correct.

MR. P. PADMANABHAN TAMPI: The member can verify that statement.

As I said, the amount budgeted for primary education comes to Rs. 10,25,528 and this works out at 4·66 per cent. of the total income of the State. Large amounts are spent for controlling agencies, for Collegiate education, for salaries of High School teachers and Professors of Colleges, etc. The salaries given by the Travancore Government when compared with other progressive countries like United States and Japan, are high In the New York City, the salary of the Commissioner of Education, corresponding to our Director of Public Instruction, is only 7,500 Dollars per year, equivalent to Rs. 1,800 per mensem. The Minister of Education in Japan, who is also one of the Cabinet Ministers, gets a salary of 8,000 Yen, per year, equal to Rs. 1,000 per mensem. Whereas, our Director of Public Instruction, including the allowance, gets Rs. 3,000 per mensem. In the United States, the

LIBRARY ARCHIVES Kerala Legislative Assembly

highest salary allowed to the College Professors ranges from 5,000 to 7,000 Dollars per year *i. e.*, Rs. 1,250 to Rs. 1,750 per mensem. In Japan, the salary allowed to the College Professors ranges from 600 to 4,000 Yen per year, equal to Rs. 75 to Rs. 500 per mensem.

MR. R. NILAKANTA PILLAI: May I know what the rate of exchange is?

MR. P. PADMANABHAN TAMPI: 4 shillings 2 pence for the Dollar and $2\frac{1}{2}$ shillings for the Yen.

But our Professors get a pay ranging from Rs. 500 to Rs. 750. The Professors of the Training College in the United Kingdom get from 1,000 to 3,250 Dollars per year, equal to Rs. 250 to Rs. 850 per mensem. But the Principal of our Training College gets a pay of Rs. 750 per mensem. I may compare the salaries obtaining in other institutions—grant-in-aid Colleges not maintained by the Government. The figures will work out to a very low percentage. In Travancore, the Head Masters' pay ranges from Rs. 300 to Rs. 350 which is equal to the pay of some departmental heads.

Then coming to High School education, we are spending a good lot. For Vernacular Higher education also, a large sum is spent. I question you, Sir, in all earnestness and sincerity, why should we be producing a good number of literates without any employment. There are a large army of School Final Certificate holders both in the English and Vernacular education. When there are a large number of graduates without any employment, what is the necessity for maintaining so many Colleges and High Schools out of the State general funds. I beg to point out to you, Sir, that the primary education is not looked after properly. After spending over Rs. 47 lakhs, the literacy we get is 41 per cent. among males and 17 per cent. among females. Again, I may point out to you, Sir, that there is a fallacy in the figures, as per the Census Commissioner's report. Because, most of the students leave the school after studying in the first and second classes. They call themselves literates. When the Census is taken, persons who can read the alphabets are also considered as literates. Even after continuing the Vernacular education for about 150 years, we are not able to command a universal literacy in the State. In the case of backward classes also, I shall point out, that the percentage of literacy is highly deplorable. This is what the Census Commissioner says in his report:

> "Great as has been the progress in the spread of education, there is still much leeway to be made up for the complete banishment of illiteracy from the State. There are some communities so backward in education that hardly five per cent. of their population of five years and over, are literate, e. g., Kuravan, Parayan, Pulayan, Vetan, Kanikkaran and other hill tribes. The number of boys and girls under instruction is no doubt increasing rapidly. It rose from 159,668 in 1911 to 392,913 in 1921 and to 568,703 in 1930, an increase of more than 250 per cent. in the course of twenty years. Notwithstanding such phenomenal rise in the numbers under instruction it is doubtful that the goal of universal literacy could be reached by the continuance of the voluntary system of education as at present."

It is high time that Government show a beginning in the matter of compulsory education. We are at a disadvantage in not seeing the

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Padmanabhan Tampi.]

Statham Committee Report. We do not know whether he recommends for compulsory education or not. Apart from that, I wish to point out and request Government to see that primary education is made free and compulsory, raising the standard to that of the fifth class.

Coming again to primary education we are spending a low percentage amounting to Rs. 2 for each child. I shall presently show how other countries spend for primary education. England spends £ 3-4-0; Scotland, £ 2-4-4½; and Ireland £ 2-19-6, per child. It may be interesting to note, Sir, that our benign Sovereign was spending a larger amount even before Great Britain and Ireland thought of spending for the educational expenses from State funds. The Simon Commission Report says as follows:

> 'The influence of men like William Wilberforce induced Parliament to insert a clause in the East India Company's Act of 1813 to secure that the Governor-General in Council should set apart "a sum of not less than one lakh of rupees in each year" for the encouragement of education in British India. The amount was little enough, but at that date no Government had as yet undertaken the promotion of education in England by grants from public funds."

It was during the year 1817, at the time of Her Highness the Rani Gouri Parvathi Bhai, the Government thought of promotion of Vernacular school education from the State funds. It is stated in the Administration Report of the department for the year 1104 thus:

> "It was this state of things which led to the issue, on the 19th Vaikasi, 992 (1817) of a remarkable Rescript by Her Highness the Rani Gouri Parvathi Bhai, in which, after recounting the causes which led to the decline of the village schools, Her Highness resolved that "the State should defray the entire cost of the education of its people in order that there might be no backwardness in the spread of enlightenment among them, that by diffusion of education they might become better subjects and public servants, and that the reputation of the State might be advanced thereby".

So, more than 100 and odd years ago, Government have taken the Vernacular education under their protection. With such a large amount of expenditure and in such a long course of administration, it is highly regrettable to note that our Government have been able to produce only 41 per cent. literacy among males and 17 per cent. among females.

A word about the appointment of the unfortunate teachers who have been recently disbanded, especially from among the depressed classes. I have only to read the reply given by the Chief Secretary on the question raised by Mr. P. S. Mahomed. It runs thus:

"പ്രൈമറിംഗ് ക്ലിസ്സറിൽനിന്നുമാണ് നിയമിക്കേണ്ടത്. എന്നാൽ backward communities-ൽനിന്നും ഒരു ശതമാനം പ്രൈമറിംഗ് ക്ലിസ്സറികൾ പ്രാധാന്യം നോക്കാതെ നിയമിക്കുന്നതിനും ഉത്തരവുണ്ട്."

On the strength of this reply from the Chief Secretary to Government, Sir, fifty-two teachers were appointed by the Inspector of Vernacular Schools. Of these fifty-two teachers, I understand, five were appointed at the special request of the Director of Public Instruction.

LIBRARY ARCHIVES Kerala Legislative Assembly

These fifty-two teachers belong to the depressed classes and are men with sufficient qualification, School Final passed candidates, trained teachers with several years' experience.

Mr. KOCHIKAL P. BALAKRISHNAN TAMPI (*Mavelikara and Kartikapalli* cum *Kunnattur*): Were there not men belonging to the depressed classes in the waiting list

Mr. P. PADMANABHAN TAMPI: Besides one hundred and odd appointments (that is ten per cent. of the men in the waiting list) from the waiting list these fifty-two men were also appointed.

Mr. KOCHIKAL P. BALAKRISHNAN TAMPI: Did they go in for outsiders before all the men in the wating list had been absorbed?

Mr. P. PADMANABHAN TAMPI: These 52 appointments were made on the strength of the promise made by the Chief Secretary in the Legislative Council, and have nothing to do with the waiting list.

Sir, these 52 teachers, who were appointed on the promise given by the Chief Secretary, have been disbanded without rhyme or reason by the Director of Public Instruction and they are all starving now. I referred to their sad plight in my speech during the general discussion of the budget; and I request the Government to show sympathy to these fifty-two teachers who belong to the depressed classes.

PRESIDENT: You have exceeded your time, Mr. Tampi.

Mr. M. N. NARAYANA MENON (*Kottayam*): സർ, വിദ്യാഭ്യാസത്തെ സംബന്ധിച്ച ഒരു വിദഗ്ധകമ്മിറ്റിറിപ്പോർട്ട സമർപ്പിച്ചിരിക്കുന്നസ്ഥിതിക്കു അതിനെപ്പറ്റി അധികമായി വിമർശനംചെയ്യണമെന്നു ഞാൻ വിചാരിക്കുന്നില്ല. പ്രസ്തുതകമ്മിറ്റിയുടെ റിപ്പോർട്ട ഗവണ്മെൻറു സ്വീകരിച്ച ഏതാണ്ടംമാസങ്ങൾകഴിഞ്ഞിരിക്കുന്നു. എന്നിട്ടും അതു ഈ അവസരത്തിൽ ഞങ്ങളുടെ ആലോചനയ്ക്കു വരാതിരിക്കുന്നതിനെപ്പറ്റി ഞാൻ അത്ഭുതപ്പെടുന്നു. ഏതായാലും ഞങ്ങളോടുകൂടി ആലോചിച്ചശേഷമെ അതിനെപ്പറ്റി കായ്മായി എന്തെങ്കിലും ചെയ്യുകയൊള്ളുഎന്നു ഗവണ്മെൻറു പറഞ്ഞതുകൊണ്ടു ആസംഗതിയെപ്പറ്റി അധികം പറയണമെന്നു വിചാരിക്കുന്നില്ല.

പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കേണ്ട ആവശ്യകതയെ പുരസ്ക്കരിച്ച ബി. പത്മനാഭൻതമ്പി വളരെവിസ്തരിച്ച ഇവിടെ പ്രതിപാദിക്കയുണ്ടായി. വിദ്യാഭ്യാസവിഷയത്തിൽ ഏറ്റവും മുന്നണിയിൽ നില്ക്കുന്നതെന്നഭിമാനിക്കുന്ന ഈ രാജ്യത്തു ഒരു നിശ്ചിതകാലത്തിനകത്തെങ്കിലും പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കാമെന്നു ഗവണ്മെൻറുഭാഗത്തുനിന്നും ഉറപ്പുതന്നാൽകൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. N. Narayana Menon.]

മലയാളംപള്ളിക്കൂടങ്ങളിലും ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിലും ഹിന്ദി പഠിപ്പിക്കണമെന്നുള്ളതിനെപ്പറ്റിയാണ് ഇനിഎനിക്കുപറയുവാനുള്ളത്. ഹിന്ദി മിക്കവാറും ഇൻഡ്യയുടെ രാഷ്ട്ര (National) ഭാഷയായിതീർന്നിട്ടുണ്ട്. നമ്മുടെ അയൽരാജ്യമായ കൊച്ചിയിൽ പലസ്കൂളുകളിലും ഹിന്ദിപഠിപ്പിക്കാൻതുടങ്ങിക്കഴിഞ്ഞു. ഈവിഷയത്തെ സംബന്ധിച്ച നിയമസഭയിൽതന്നെ ധാരാളം വാദപ്രതിവാദങ്ങൾ ഉണ്ടായിട്ടുള്ളതിനാൽ ഹിന്ദിപഠിപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അധികംപറയണമെന്നു വിചാരിക്കുന്നില്ല. ഏതായാലും ഈകാര്യത്തിൽ ഡയറക്ടർ പ്രത്യേകം നിഷ്കർഷകാണിക്കണം എന്നുമാത്രം പറഞ്ഞുകൊള്ളട്ടെ.

ഫീസ്സൌജന്യം നൽകേണ്ട ആവശ്യകതയെപ്പറ്റി എന്റെ സ്നേഹിതൻ മി. നാരായണപിള്ള ഇവിടെ നല്ലപോലെ പറയുകയുണ്ടായി. ഇപ്പോഴത്തെ സാമ്പത്തികാധഃപതനത്തിന്റെ മദ്ധ്യാവസ്ഥ നോക്കുകയാണെങ്കിൽ ഫീസ് കുറയ്ക്കേണ്ടതു ഏറ്റവും അത്യാവശ്യമാണ് എന്നുകാണാം. ഫീസ് @ ൦ ശതമാനം കുറയ്ക്കണമെന്നാണ് എനിക്കുപറയുവാനുള്ളത്. മൊത്തത്തിൽ ൫൦ ന്നെ അപേക്ഷിച്ച് ൫൦൲ൽ ഏകദേശം ൩൦൦൦ വിദ്യാർത്ഥികളോളം കൂടുതൽപള്ളിക്കൂടത്തിൽ പോകുന്നുഎന്ന റിപ്പോർട്ടിൽ കാണുന്നുണ്ടെങ്കിലും തൊഴിൽ തിരിച്ചുകൊടുത്തിരിക്കുന്ന പട്ടികനോക്കിയതിൽ പള്ളിക്കൂടത്തിൽ പോകുന്ന കൃഷിക്കാരുടെ കുട്ടികളുടെ സംഖ്യയിൽ ൨,൦൦൦ത്തോളം കുറവുള്ളതായിട്ടാണ് കാണുന്നതു്. തങ്ങളുടെ സർവസ്വവും വിറ്റും കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കണമെന്നാഗ്രഹമുള്ള കൃഷിക്കാർ തങ്ങളുടെ കുട്ടികളെ പള്ളിക്കൂടത്തിലയക്കാതെ പിൻമാറിയതെന്തുകൊണ്ടാണെന്ന് ഒന്നാലോചിച്ചുനോക്കണം. തീർച്ചയായും അവരുടെ ധനസ്ഥിതിയുടെ കുറവാണ് ഇതിനുകാരണം. ഫീസ്സൌജന്യം വാസ്തവത്തിൽ അഭിക്കുന്ന ഒരു കാലമാണിതു്. അതിനാൽ ആസൌജന്യം ചെയ്തുകൊടുത്തു കൃഷിക്കാരുടെ കുട്ടികളേയും മുന്നോട്ടുകൊണ്ടുവരത്തക്കരീതിയിലാക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ഡയറക്ടരുടെ റിപ്പോർട്ട് ൫൦൲ാംവശത്തു പലസ്കൂളുകളിലും സ്ഥലസൌകര്യമില്ലെന്നു പറഞ്ഞിരിക്കുന്നു. ഇതിനു ദൃഷ്ടാന്തമായി കുമരകം ഇംഗ്ലീഷ്സ്കൂളിനെപ്പറ്റിത്തന്നെപറയാം. ഒരു നാലഞ്ചുകൊല്ലമായി അവിടെ അഡിഷനൽ അക്കൊമൊഡേഷൻ (Additional accommodation) വേണ്ടതാണെന്നു പറഞ്ഞുവരികയാണ്. ആദ്യം അതിലേക്കാവശ്യമുള്ള സ്ഥലം ജനങ്ങൾതന്നെകൊടുത്തു. വീണ്ടും കൂടുതൽസ്ഥലം കൊടുത്തു, അ

LIBRARY ARCHIVES Kerala Legislative Assembly

തായതു ഇരുപത്തയ്യായിരം രൂപാ വിലവരുന്ന സ്ഥലവും കെട്ടിടവും ജനങ്ങൾ സൌജന്യമായി വിട്ടുകൊടുത്തു. ഇനിയും നിവൃത്തിയുണ്ടെങ്കിൽ കൃഷിക്കാർ കൂടുതൽ സ്ഥലം കൊടുക്കുമായിരുന്നു. ഇപ്പോൾ അതിനുനിവൃത്തിയില്ല. എന്നുമാത്രമല്ല വിദ്യാഭ്യാസത്തിനായി ഇത്രയുംതുക ചെലവുചെയ്ത ജനങ്ങളെ ഇനിയും ബുദ്ധിമുട്ടിക്കുന്നതു ശരിയല്ല. അതിനാൽ റിപ്പോർട്ടിന്റെ ര-ാംവശത്തു പറഞ്ഞിരിക്കുന്നതുപ്രകാരം കുമരകം ഇംഗ്ലിഷുസ്കൂളിനു ഡയറക്ടർതന്നെ വേണ്ടകെട്ടിടം ഉണ്ടാക്കിച്ചുകൊടുക്കണം. അടുത്തവർഷത്തിൽതന്നെ ചെയ്യുകയുംവേണം.

വായനശാലകൾക്കായി കഴിഞ്ഞവർഷത്തിൽ ഏകദേശം ൨,൫൦൦ രൂപായ്ക്കുതാഴെയുള്ള ഒരുതുകയാണ് ഗ്രാൻറായികൊടുത്തിരിക്കുന്നത്. അതായതു നാല്പത്തിയഞ്ചുലക്ഷം രൂപായൊളം വിദ്യാഭ്യാസത്തിനായി ചെലവുചെയ്യുന്ന ഒരുരാജ്യത്തു് ഡയറക്ടരുടെ ശമ്പളത്തിലും കുറഞ്ഞതുരുതുകയാണ് വായനശാലകൾക്കായി ചെലവുചെയ്യുന്നതു എന്നുള്ളതു ലജ്ജാവഹമായ ഒരവസ്ഥയാണ്. പരിഷ്കൃതരാജ്യങ്ങളിൽ പ്രാഥമികവിദ്യാഭ്യാസത്തിനു ചെലവുചെയ്യുന്നസംഖ്യയോളംതന്നെ വലിപ്പമുള്ള ഒരുതുക വായനശാലകൾക്കായും ചെലവുചെയ്യുന്നുണ്ടെന്നും പത്രങ്ങളിൽ ഞാൻവായിക്കാറുണ്ട്. ബറൊഡ, ആന്ധ്രാദേശം, മൈസൂർ, തുടിയായ മറുചില സ്ഥലങ്ങളിലും വായനശാലകളുടെ അഭിവൃദ്ധിയ്ക്കായി വളരെ വളരെശ്രമങ്ങൾചെയ്യുന്നുണ്ട്. നാലോഅഞ്ചോകൊല്ലം പള്ളിക്കൂടത്തിൽ പഠിച്ചുശേഷം പള്ളിക്കൂടംവിട്ടു വെളിയിലിറങ്ങി കാലക്ഷേപംചെയ്യുന്നവരുടെ ജ്ഞാനസമ്പാദനത്തിനു വായനശാലകൾ സൌകര്യപ്രദമായിരിക്കും. ഈവിഷയത്തിലും ഡയറക്ടരുടെ ഗാഢമായ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. ഈരാജ്യത്തുള്ള എല്ലാഗ്രാമങ്ങളിലും ഓരോവായനശാലകളുണ്ടായിരിക്കയും അവകൾ ശരിയായി നടത്തത്തക്കവിധത്തിൽ ഗ്രാൻറു അനുവദിച്ചുകൊടുക്കയും വേണം.

Mr. K. P. NILAKANTA PILLAI: എത്ര ആളുകൾ വായനശാലയിൽ വന്നുവായിക്കുന്നുണ്ടു്?

Mr. M. N. NARAYANA MENON : പല സ്ഥലത്തുനിന്നും പലരും വരുന്നുണ്ടു്. അങ്ങിനെ വരുന്നവരെ കൂടുതൽ ആകർഷിക്കത്തക്കനിലയിൽ അതിനെ പ്രോത്സാഹിപ്പിക്കണം.

Mr. K. P. NILAKANTA PILLAI : വായിക്കാൻ വരുമ്പോൾ വായനശാലയിലെ മെമ്പർമാർക്കു വല്ലഫീസും കൊടുക്കണമെന്നുള്ള ഏർപ്പാടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. M. N. NARAYANA MENON : ഇല്ല.

ഇതുപോലെയുള്ള മറെറാരു സംഗതിയാണ് നിശാപാഠ ശാലകളുടെ പ്രോത്സാഹനം. ഒരു നിശാപാഠശാലാകഠം മാത്രം ഉള്ളതായി റിപ്പോർട്ടിൽ കാണുന്നുണ്ട്. ഒരു പാഠശാലയ്ക്കു കഷ്ടിച്ചു കൊടുക്കുന്ന ഗ്രാൻറു നാലോ അഞ്ചോ രൂപയാണ്. രണ്ടായിരം ഗ്രാമങ്ങൾക്കു നിശാപാഠശാലകൾക്കായി മാസം ഒന്നിന് അഞ്ചുരൂപാവീതംകൊടുത്താലും ഒരു ലക്ഷത്തിരുപതിനായിരം രൂപായെ ഈ ഇനത്തിൽ ചിലവാകയൊള്ളു. എല്ലാവക്കും വിദ്യാഭ്യാസം നൽകുന്നതിന് ഇതു നല്ലതാകുന്നു.

അദ്ധ്യാപികമാരുടെ സ്ഥലംമാററങ്ങളെ സംബന്ധിച്ചു പല പരാതികളുമുണ്ട്. അതുണ്ടാകാതിരിക്കത്തക്കവണ്ണം വേണ്ട നിഷ്കർഷകഠം ഡയറക്ടർ ചെയ്യണമെന്നുകൂടി അഭിപ്രായപ്പെട്ടുകൊണ്ടു വിരമിച്ചു കൊള്ളുന്നു.

MR. N. K. PADMANABHA PILLAI (*Neyyattinkara cum Nedumangad*): സർ, കുറെകാലമായി ജനസാമാന്യം അധികം ശ്രദ്ധപതിച്ചിരിക്കുന്ന വിദ്യാഭ്യാസത്തെ സംബന്ധിച്ച് പ്രജാസഭയിലുംമറും തുടർച്ചയായി മുറവിളികൂട്ടിയതിന്റെ ഫലമായി വളരെ ശ്ലാഘനീയനായ ഒരു വിദഗ്ധൻ പ്രസിഡൻറായിട്ടുള്ള ഒരു വിദ്യാഭ്യാസകമ്മിററി ഗവണ്മെൻറു ഏർപ്പെടുത്തി; ആ കമ്മിററി ഒരു റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടു ഇന്നവിധത്തിലാണെന്നു ഞങ്ങൾക്കറിഞ്ഞുകൂടെങ്കിലും അതിൽ ഗുണപ്രദമായ വളരെ ഭാഗങ്ങൾ ഉണ്ടായിരിക്കുമെന്നാണു ഞങ്ങളുടെ വിശ്വാസം. ആ റിപ്പോർട്ടു ഞങ്ങളുടേയും അസംബ്ലി സാമാജികന്മാരുടേയും ആലോചനയ്ക്കു വിഷയീഭവിപ്പിച്ചശേഷം മാത്രമെ അതിന്മേലുള്ള നടപടികഠം നടത്തുകയുള്ളു എന്നു ഗവണ്മെൻറ് പ്രസ്താവിച്ചതിൽ വളരെ ആശ്വാസമുണ്ട്. അതോടുകൂടി ഈ കമ്മിററിയുടെ നിർദ്ദേശമനുസരിച്ചു പ്രവൃത്തിക്കുന്നതിനു കമ്മിററിയിലെ പ്രസിഡൻറിനെതന്നെ ഡയറക്ടരായി നിയമിച്ചതിൽ ഗവണ്മെൻറിനെ അഭിനന്ദിച്ചുകൊള്ളുന്നു. കമ്മിററിറിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങഠം നടപ്പിൽവരുത്താൻ അദ്ദേഹത്തിനു സാധിക്കുന്നതാണെന്നും അങ്ങിനെ സാധിക്കാമെന്നും, അദ്ദേഹം ബലമായിറിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളതെന്നും വേണം വിചാരിക്കാൻ. ഡയറക്ടരായി നാട്ടുകാരെ തന്നെ നിയമിക്കണമെന്നും ഒരഭിപ്രായമുണ്ടായിരിക്കാം. എന്നാൽ എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന സംഗതികഠം ഫലപ്രദമാക്കിക്കൊണ്ടുവരണമെങ്കിൽ ഈ റിപ്പോർട്ടെഴുതിയ അദ്ധ്യക്ഷൻതന്നെ ഡയറക്ടരായിരിക്കണമെന്നാണു്.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ സ്നേഹിതൻ മി. കല്ലൂർ നാരായണപിള്ള പള്ളിക്കൂടം ഫീസിനെ സംബന്ധിച്ചും ഫ്യിനെ സംബന്ധിച്ചും വളരെ വിശദമായി ഈ സഭയിൽ പ്രതിപാദിക്കയുണ്ടായി. ഭൂനികുതിപോലും കൊടുക്കുന്നതിനു നിവൃത്തിയില്ലാത്ത കൃഷിക്കാർ വളരെ കഷ്ടത അനുഭവിക്കുന്ന ഒരു സന്ദർഭമാണിതു്. ഒരാൾക്കു രണ്ടോ മൂന്നോ കുട്ടികളുണ്ടായിരുന്നാൽ ആ കുട്ടികളെ ഇംഗ്ലീഷ് പള്ളിക്കൂടത്തിലയച്ചു പഠിപ്പിക്കാൻ അയാൾക്കു വളരെ പ്രയാസമായിട്ടാണിരിക്കുന്നതു്.

Mr. K. P. NILAKANTA PILLAI: ഒരാൾക്കുള്ള കുട്ടികളെയെല്ലാം ഇംഗ്ലീഷ പള്ളിക്കൂടത്തിൽതന്നെ അയച്ചു പഠിപ്പിക്കണമെന്നു നിർബന്ധമുണ്ടോ?

Mr. N. K. PADMANABHA PILLAI: ഒരാൾ സ്കൂൾഫയിനൽ പരീക്ഷയെങ്കിലും പാസാകാതെയിരുന്നാൽ അയാൾക്കെന്തെങ്കിലും അറിവുണ്ടെന്നു ജനങ്ങൾ വിചാരിക്കാനിടയില്ല. അതിനാൽ കുട്ടികളെ തീർച്ചയായും സ്കൂൾഫയിനൽക്ലാസുവരെ പഠിപ്പിക്കേണ്ടതു ഗ്രാവശ്യമാണു്.

Mr. K. P. NILAKANTA PILLAI: അങ്ങനെയാണെങ്കിൽ മലയാളം ഏഴാം ക്ലാസുവരെയുള്ള പള്ളിക്കൂടങ്ങളിലില്ലാതെയാക്കണമെന്നുള്ള തീരുമാനത്തിൽ മെമ്പർ അനുകൂലിക്കുമോ?

Mr. N. K. PADMANABHA PILLAI: മലയാളം ഏഴാം ക്ലാസുവരെയുള്ള പള്ളിക്കൂടങ്ങൾ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കമ്മിറ്റി റിപ്പോർട്ടിൽതന്നെ ഏഴാംക്ലാസുവരേയുള്ള പള്ളിക്കൂടങ്ങൾ വേണമെന്നു പറഞ്ഞിട്ടുണ്ടോ എന്നു സംശയമാണു്. ആംഗ്ലോ വർണാക്യുലർ പള്ളിക്കൂടങ്ങളായി ഏർപ്പെടുത്തുന്നതു നന്നായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. റിപ്പോർട്ടിലും അപ്രകാരമായിരിക്കും പറഞ്ഞിട്ടുള്ളതു് എന്നു ഞാൻ വിചാരിക്കുന്നു.

ഫീസ് കൊടുക്കുന്നവിഷയത്തിൽതന്നെ ജനങ്ങൾ വളരെ കഷ്ടതയനുഭവിക്കുന്നു. അതോടുകൂടി ഫ്യിനും ഇടാക്കി ജനങ്ങളെ അധികംവലയ്ക്കുന്നു. കാളേജിൽതന്നെ ഒന്നും ഒന്നരയും ഗ്രൂപാഫ്യിനോടുകൂടി ഫീസ് കൊടുക്കുന്നവർ വളരെ ഉണ്ടെന്നാണു് എന്റെ അറിവു്. അതിനുകാരണം ഇപ്പോഴത്തെ ഉല്പന്നങ്ങളുടെ വിലക്കുറവും തന്നിമിത്തമുള്ള ജനങ്ങളുടെ സങ്കടാവസ്ഥയുമത്രേ.

Mr. KATTIYATTU SIVARAMA PANICKAR: സാമ്പത്തികാധിഷ്ഠിതനം തുടങ്ങിയശേഷം രണ്ടു ചക്രത്തിൽക്കൂടുതൽ പിഴ പള്ളിക്കൂടങ്ങ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kattiyattu Sivarama Panickar.]

ളിൽ ഈടാക്കാൻ പാടില്ലെന്ന ഒരു വ്യവസ്ഥയുള്ളതുമെമ്പർ ധരിച്ചിട്ടുണ്ടോ?

MR. N. K. PADMANABHA PILLAI: ഇംഗ്ലീഷ് സ്കൂളിൽ ഈടാക്കുന്നു. കോളേജിൽ ആ വ്യവസ്ഥയില്ല. കോളേജിൽ മുമ്പിലത്തെക്കണക്കുതന്നെ പിഴ ഈടാക്കി വരുന്നുണ്ട്.

MR. KOMILEZHATHU SANKARAN: സാമ്പത്തികാധിപ്യതനം തുടങ്ങിയപ്പോഴാം പെൺകുട്ടികളുടെ പള്ളിക്കൂടം ഫീസ് വർദ്ധിപ്പിക്കയാണ് ചെയ്തതെന്ന് മെമ്പർക്കറിയാമോ?

MR. N. K. PADMANABHA PILLAI: അറിയാം. അതുംകഷ്ടമാണെന്നാണ് എന്റെ അഭിപ്രായം.

അതിനാൽ ഫീസിൽ ൫൦ ശതമാനമെങ്കിലും കുറച്ചു കൊടുക്കേണ്ടതത്യാവശ്യമാണെന്ന ഇവിടെ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

MR. K. P. NILAKANTA PILLAI: കോളേജിലുള്ള ഫീസും ൫൦ ശതമാനം കുറയ്ക്കണമെന്നുണ്ടോ?

MR. N. K. PADMANABHA PILLAI: ഉണ്ട്. എന്നാൽ ഈ ഇനത്തിൽ ഗവണ്മെൻറിനു വരുന്ന കുറവിനെ പരിഹരിക്കാൻ മറെറാരു മാർഗ്ഗം കൂടി നിർദ്ദേശിക്കാം. ഇപ്പോൾ ബി. എ. മാത്രം പാസായ ഒരാൾ ഇംഗ്ലീഷ് സ്കൂൾ അദ്ധ്യാപകവൃത്തിക്കു പോയാൽ അദ്ദേഹത്തിനു ൫൦ രൂപാ ശമ്പളം കൊടുക്കുന്നുണ്ട്. ആ ശമ്പളം നിശ്ചയമായും കുറയ്ക്കാം. അതുപോലെ തന്നെ കോളേജിൽ ഒന്നോ രണ്ടോ മണിക്കൂർ നേരം പഠിപ്പിക്കുന്ന പ്രൊഫസർമാർക്കു ഒരു ഡിവിഷൻ മാത്രമുള്ള പേഷ്കാരെക്കാൾ കൂടുതൽ ശമ്പളം നൽകി വരുന്നു. മൂന്നോ നാലോ മണിക്കൂർ നേരം പഠിപ്പിക്കേണ്ട ജോലിയുള്ള ഹൈസ്കൂൾ അദ്ധ്യാപകന്മാരുടേയും ശമ്പളം വളരെ കൂടുതലാകുന്നു. ഇതിനും പുറമെ ഈ കൂട്ടർക്കു ആണ്ടിൽ ഒന്നര മാസത്തിൽ കൂടുതൽ ദിവസവും വെക്കേഷനുമാണ്. ഈ സ്ഥിതിക്കു ഇത്രമാത്രം ശമ്പളം ഇവർക്കു നൽകുന്നതു ഒട്ടും ആശാസ്യമല്ല. ഇവരുടെ ശമ്പളം കുറച്ചാൽ ഫീസു കുറയ്ക്കുന്നതു കൊണ്ടുണ്ടാകുന്ന നഷ്ടം പരിഹരിക്കാവുന്നതാണ്.

പാഠപുസ്തകത്തെപ്പററിയാണ് ഇനി എനിയ്ക്കു പറവാനുള്ളത്. പാഠപുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിനു മുൻപു ഒരു കമ്മിററിയുണ്ടായിരുന്നു. അതിൽ പലവിദ്വാന്മാരും ഏർപ്പെട്ടും ഇരുന്നിരുന്നു. ഇപ്പോൾ അതിനെ ഭേദപ്പെടുത്തി ഒന്നോ രണ്ടോ ഉദ്യോഗസ്ഥന്മാരെമാത്രം ഇതിലേയ്ക്കു ചുമതലപ്പെടുത്തിയിരിയ്ക്കുയാണ്. തൻനിമിത്തം വളരെ അ

LIBRARY ARCHIVES Kerala Legislative Assembly

നീതികഠം നടക്കുന്നുമുണ്ട്. പല പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരുടേയും പ്രസിദ്ധീകരണശാലക്കാരുടേയും ശുപാർശയിന്മേൽ ആണ് പുസ്തകങ്ങഠം തെരഞ്ഞെടുക്കുന്നത്. അതായത് ഇതിലേയ്ക്കായി നിയമിച്ചിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ സ്വാധീനത്തിൽപെട്ട ആളുകഠം എഴുതീട്ടുള്ള പുസ്തകങ്ങഠം പാഠപുസ്തകങ്ങളായി സ്വീകരിക്കുക നിമിത്തം അവക്ക് ഒരു ആദായമാർഗ്ഗമായിത്തീർന്നിട്ടുണ്ട്. അതിനാൽ ഇപ്പോഴത്തെ ഏർപ്പാട് ഭേദപ്പെടുത്തി ഗവണ്മെൻറിൽനിന്നു തന്നെ പാഠപുസ്തകങ്ങഠം എഴുതുന്നതിനു പ്രത്യേകം വിദഗ്ധന്മാരെ നിയമിച്ചുകയും അവക്ക് തക്കതായ പ്രതിഫലം കൊടുത്തു. അവരെക്കൊണ്ടു ഓരോ കാലത്തേക്കു ആവശ്യമുള്ള പുസ്തകങ്ങഠം എഴുതിക്കുകയും ചെയ്യുന്നതു നന്നായിരിക്കും. ഈ പാഠപുസ്തകങ്ങളുടെ പകർപ്പവകാശം മുഴുവൻ ഗവണ്മെൻറു കൈവശം തന്നെ വച്ചു കൊണ്ടിരിയ്ക്കണം. അങ്ങനെ ചെയ്യുന്നപക്ഷം നിശ്ചയമായും ഒരു നല്ല തുക ഗവണ്മെൻറിനു ആദായമായികിട്ടാൻ മാർഗ്ഗമുണ്ട്. ഈ വക സംഗതികളിൽ ഗവണ്മെൻറിൻെറ ശ്രദ്ധയെ പ്രത്യേകം ഞാൻ ക്ഷണിച്ചു കൊള്ളുന്നു.

മലയാളം പള്ളിക്കൂടങ്ങളെ സംബന്ധിച്ചാണ് ഇനി എനിക്കു പറവാനുള്ളത്. മലയാളസ്കൂഠം കെട്ടിടങ്ങളെ സംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെൻറിൻെറ ശ്രദ്ധ തീരെ പതിയുന്നില്ല എന്നുള്ളതിലേക്കു പല ദൃഷ്ടാന്തങ്ങളും ഉണ്ട്. ഞാൻ പ്രാതിനിധ്യം വഹിക്കുന്ന നിയോജകമണ്ഡലത്തിൽ ഉഠപ്പെട്ട മലയുംകീഴ് എന്ന സ്ഥലത്തുള്ള ഒരു വി. എം. സ്കൂഠം നിലം പതിച്ചിട്ടു ഒന്നരക്കൊല്ലം കഴിഞ്ഞിരിക്കുന്നു. ഇപ്പോഠം ആ സ്കൂഠം പ്രത്യേകം ഒരാളിൻെറ കെട്ടിടത്തിൽ ഇട്ടു നടത്തിവരികയാണ്. ഇത്രയും കാലമായിട്ടും ആ സ്കൂഠം വകക്കു ഒരു കെട്ടിടം പണിയിക്കുന്നതിനു യാതൊരാലോചനയും ഗവണ്മെൻറിൽനിന്നു നടത്തിയതായി കാണുന്നില്ല. ഇംഗ്ലീഷ്സ്കൂളുകളെ സംബന്ധിച്ചിടത്തോളം പ്രത്യേകം ശ്രദ്ധ കാണിക്കുന്ന ഗവണ്മെൻറു നാട്ടുഭാഷാ പള്ളിക്കൂടങ്ങളെ സംബന്ധിച്ചിടത്തോളം കാണിക്കുന്ന അവജ്ഞ ഒട്ടും ആശാസ്യമായിട്ടുള്ളതല്ല.

അദ്ധ്യാപകന്മാരുടെ നിയമനവിഷയത്തിലും പ്രമോഷൻനൽകുന്ന വിഷയത്തിലും നിശ്ചിതമായ ഒരു നയമോ ക്രമമോ ഡിപ്പാർട്ടുമെൻറു സ്വീകരിച്ചതായി കാണുന്നില്ല. ഒരിയ്ക്കൽ സീനിയാറിറ്റി നോക്കിയും മറെറാരിയ്ക്കൽ കാര്യക്ഷമത നോക്കിയും ആണ് പ്രമോഷൻ കൊടുക്കുന്നത്. ഇതു ഒട്ടും തന്നെ ശരിയായിട്ടുള്ളതല്ലെന്നു ഇവിടെ പറയേണ്ടിയി

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. K. Padmanabha Pillai.]

രിക്കുന്നു. ആക്ടിംഗ് അദ്ധ്യാപകന്മാരെ നിയമിക്കുന്ന കാര്യത്തിലും വളരെ അക്രമങ്ങൾ പ്രവർത്തിച്ചതായി കാണുന്നുണ്ട്. ഫ 0 0-ചിങ്ങത്തിനു ശേഷവും ഫ 0 ന മീനത്തിനു മുൻപും ആക്ടിംഗായി നിയമിച്ചിട്ടുള്ള അദ്ധ്യാപകന്മാരെ സ്ഥിരപ്പെടുത്തണം എന്നു ഒരു ഗവണ്മെൻറുത്തരവുണ്ടായിട്ടുണ്ട്. ഈ നിമിത്തം നൂറാമാണ്ടിനു മുൻപു ആക്ട് ചെയ്തിട്ടുള്ളവർക്കും ഫ 0 ന മീനത്തിനുശേഷം ആക്ട് ചെയ്തിട്ടുള്ള ആളുകൾക്കും ജോലി ഇല്ലാതെ വരുന്നു. ഇതു അക്രമമാണ്. അതിനാൽ ഈ ഉത്തരവിനെ ഉടനെ തന്നെ ഭേദപ്പെടുത്തണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

MR. K. P. NILAKANTA PILLAI: നൂറാമാണ്ടിനു മുൻപു ആക്ട് ചെയ്തവർ, ഫ 0 ൻ-ാമാണ്ടായിട്ടു ജോലി കിട്ടാത്ത സ്ഥിതിക്കു ഇനിയും ജോലി കിട്ടും എന്നു ആഗ്രഹിച്ചു കൊണ്ടിരിയ്ക്കയാണോ?

MR. N. K. PADMANABHA PILLAI: അതെ. ഞാൻ മുൻപു പ്രതിപാദിച്ച ഉത്തരവു കൊണ്ടു അവർ വളരെ സങ്കടം അനുഭവിച്ചുകൊണ്ടിരിയ്ക്കയാകുന്നു.

MR. K. P. NILAKANTA PILLAI: ഇങ്ങനെയുള്ളവരുടെ നിയമനം കുട്ടികളെ പഠിപ്പിക്കുന്ന വിഷയത്തിൽ ഉപയോഗശൂന്യമായ ഒന്നായിരിയ്ക്കുമെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

MR. N. K. PADMANABHA PILLAI: ഇല്ല. നേരെ മറിച്ചു് അവരും പരീക്ഷ ജയിച്ചിട്ടുള്ള ആളുകളാകയാൽ കുട്ടികളെ വ്യുത്പത്തിയായിട്ടു പഠിപ്പിക്കും എന്നാണു് എന്റെ അഭിപ്രായം.

MR. M. N. NARAYANA MENON: കുറെ പ്രായമായവരാകുമ്പോൾ കുട്ടികളെ പഠിപ്പിക്കുന്ന വിഷയത്തിൽ ഒരു പാകത വരുമല്ലോ?

MR. N. K. PADMANABHA PILLAI: ആയിരിക്കും.

MR. KOMILEZHATHU SANKARAN: ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചു പലരും ഉദ്യോഗത്തിനായി കാത്തിരിയ്ക്കുന്നുണ്ടു എന്നുള്ള വസ്തുതയെപ്പറ്റിയാണോ?

MR. N. K. PADMANABHA PILLAI: അങ്ങനെയും ഉണ്ടായിരിയ്ക്കാം; എന്നു വിചാരിച്ചു് നൂറാമാണ്ടിനു മുൻപു ജോലിചെയ്ത ആളുകളെ വിസ്മരിച്ചിട്ടു നൂറാമാണ്ടിനു ശേഷം ആക്ട് ചെയ്തിട്ടുള്ളവർക്കു കൊടുക്കാവു എന്നു പറയുന്നതു ഒട്ടും ന്യായമല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. NILAKANTA PILLAI: ഏറാമാണ്ടിനശേഷം മലയാളം ഏഴാംക്ലാസ്പാസായവരായി എത്രപേരുണ്ടെന്ന് മെമ്പക്കറിയാമോ?

MR. N. K. PADMANABHA PILLAI: കണക്കു നോക്കിയിട്ടില്ല.

MR. K. P. NILAKANTA PILLAI: അവരെ എപ്പോഴാണ് നിയമിയ്ക്കേണ്ടത്?

MR. N. K. PADMANABHA PILLAI: സൌകര്യമുള്ളപക്ഷം അവരേയും നിയമിയ്ക്കേണ്ടതാണ്.

MR. K. P. NILAKANTA PILLAI: ഒരാണ്ടിൽ എത്ര വാദ്ധ്യാന്മാരെ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽ നിയമിയ്ക്കാൻ സാധിയ്ക്കുമെന്നു മെമ്പക്കറിയാമോ?

MR. N. K. PADMANABHA PILLAI: കഴിവുള്ളതുപോലെ നിയമിയ്ക്കണം എന്നേ ഞാൻ പറയുന്നുള്ളൂ. പുത്തനായി സ്കൂളുകൾ ഏർപ്പെടുത്തുമ്പോൾ കൂടുതൽ ആളുകളെ നിയമിയ്ക്കാൻ സൌകര്യം ഉണ്ട്. ഇതുമാത്രമെ എനിക്കു ഇതിനെപ്പറ്റി പറയുവാനുള്ളൂ.

MR. K. N. KESAVAN NAMPUTIRIPAD (*Jenmies*): Sir, I also like to speak a few words on the Education Department. It is most creditable for the Government and the people that the largest amount on the expenditure side is spent for education. The budget for 1109 makes a provision of a sum of about Rs. 45 lakhs for education. As a result of such big amounts being spent every year we can boast that Travancore stands first and foremost in point of education among the States in India.

MR. M. GOVINDAN (*Nominated*): Is not Burma ahead of us in point of education?

MR. K. N. KESAVAN NAMPUTIRIPAD: I speak of India alone.

MR. P. PADMANABHAN TAMPI: Does not Cochin stand foremost in female education?

MR. K. N. KESAVAN NAMPUTIRIPAD: I am speaking of general education.

But if we look to the other side it is a most sorrowful picture that is presented to us. The Report of the Education Department for 1107 says that the number of students studying in colleges is 3,000 and that 53,000 students are studying in private and departmental English schools and that the total number of students in private and departmental Vernacular schools is more than 5 lakhs. Sir, what is the future of these students? Even one per cent. of them cannot hope to enter Government service which is their prime motive. They are not given any sort of education which will help them to eke out their livelihood. From a utilitarian stand point, money spent for education is a wastage.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. N. Kesavan Namputiripad.]

The present code of education is not suited to our conditions and circumstances. In the matter of education we are still treading the footsteps of our predecessors. Sir, the present day education only serves to swell the number of unemployed among the educated classes. An education which does not help the people to keep their body and soul together is not worth the name of education. This system of education is conducive neither to the growth of national aspirations nor to the material prosperity of the people.

MR. K. P. NILAKANTA PILLAI: Will it not be conducive to the growth of revolution in the country?

MR. K. N. KESAVAN NAMPUTIRIPAD: Yes, to a certain extent it helps.

It is true that primary education is free here. But all its advantages are taken away by the big amount which the poor students have to spend on books. I understand that a small boy studying in the III or IV class has to spend two or three rupees on books alone. That is not a small amount from the standpoint of the poor people. I like to point out that the Government do not pay sufficient attention to the health of the students especially in the Vernacular schools. Many of the poor students are actually starving. Many students studying in primary schools find it quite inconvenient to have their mid-day meals due to the shortness of the interval during day-time. Therefore even if they want to take meals, due to the shortness of the interval they are unable to have the mid-day meal.

One or two words about the Text-Book Committee also will not be out of place. I do not know whether there is a Committee still in existence. But some persons are authorised to select text-books for the year. They are persons without any literary qualifications or attainments. And such men are asked to select books. I understand that some of them have selected their own books and the books of their kith and kin. Many of these books are far from satisfactory.

It is well and good that an Education Reforms Committee has been appointed for re-modelling and re-moulding education. Though we are entirely in the dark with regard to its suggestions and proposals, I hope that it will solve some of the naughty problems that confront the people and the State. It has been the practice with the Government that whenever they do not want to carry out anything, they appoint committees and, hence, people are not without fear with regard to the future of this committee also. But I hope that the Government will be more sincere in this matter and the suggestions and the proposals of this committee I am sure would open a new vista in the educational world. With these words I support the motion of Mr. Balakrishnan Tampi.

MR. M. N. PARAMESVARAN PILLAI: Sir, I have very great pleasure in supporting the motion of Mr. Balakrishnan Tampi and in doing so I wish to make a few general observations about the Education Department.

LIBRARY ARCHIVES Kerala Legislative Assembly

In spite of the wide reputation for high literacy, Travancore has still very much to accomplish in the matter of education. As it is the education that is being imparted in the State permeates only the higher strata of society. As was stated by Mr. Govindan, it does not extend its ennobling influence over the masses and especially over the so-called depressed classes. The State has, therefore to evolve a system of free and compulsory education so as to derive the best utility for the enormous expenditure that is annually incurred in the name of education.

